"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പ് - അസിസ്റ്റന്റ്, ക്ലർക്ക് - സമാന തസ്തികകളിൽ നിരീക്ഷണ കാലയളവ് പൂർത്തീകരിക്കുന്നതിന് കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് യോഗ്യത നേടുന്നത് - 26/10/2022- ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(റൂൾസ്)വകുപ്പ്**

സ.ഉ.(അച്ചടി) നം.11/2024/P&ARD തീയതി,തിരുവനന്തപുരം, 27/11/2024

---

പരാമർശം:- 1. 26/10/2022-ലെ സ.ഉ. (അച്ചടി) നം.14/2022/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

2. 5/5/2023-ലെ സ.ഉ. (അച്ചടി) നം.8/2023/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

3. 12/12/2023-ലെ സ.ഉ. (അച്ചടി) നം.18/2023/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർക്കാർ സേവനത്തിൽ പ്രവേശിച്ച അസിസ്റ്റന്റ്, ക്ലർക്ക് മറ്റ് സമാന തസ്തികകളിലുള്ളവർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് പ്രാവീണ്യം ആർജിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1), (2), (3) ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകൾ പ്രകാരം മേൽ തസ്തികകളിലെ നിയമനത്തിനായി 26/10/2022 നോ അതിന് ശേഷമോ നിയമന ശിപാർശ ലഭിച്ചവർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മറ്റു യോഗ്യതകൾക്കൊപ്പം മിനിറ്റിൽ മലയാളത്തിൽ ഏറ്റവും കുറഞ്ഞത് 15 വാക്കും ഇംഗ്ലീഷിൽ ഏറ്റവും കുറഞ്ഞത് 20 വാക്കും ടൈപ്പ് ചെയ്യത്തക്ക വിധം കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് യോഗ്യതയോ സമാന യോഗ്യതകളോ ആവശ്യമാണ്.

നിലവിൽ അസിസ്റ്റന്റ്/ക്ലർക്ക്/മറ്റ് സമാന തസ്തികകളിൽ തുടർച്ചയായ മൂന്നു

വർഷത്തിനുള്ളിൽ രണ്ടു വർഷത്തെ സേവനമാണ് പ്രൊബേഷൻ കാലയളവായി നിഷ്കർഷിച്ചിട്ടുള്ളത്. ആയതിൻ പ്രകാരം 26/10/2022 ലോ അതിന് ശേഷമോ നിയമന ശിപാർശ ലഭിച്ച് മേൽ തസ്തികകളിൽ പ്രവേശിച്ചവർ മറ്റു തരത്തിൽ യോഗ്യരായിരുന്നുവെങ്കിൽ രണ്ടു വർഷം സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് അവർ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാമായിരുന്നു. എന്നാൽ പരാമർശ ഉത്തരവുകൾ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ്/ തത്തുല്യയോഗ്യത നേടുന്നതിനുള്ള പരീക്ഷ നടത്താൻ കഴിയാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത യോഗ്യത നേടുന്നതിനുള്ള അവസരം ജീവനക്കാർക്ക് ലഭിക്കാത്തതുമൂലം പ്രൊബേഷനുള്ള ഡ്യൂട്ടി കാലയളവ് പൂർത്തിയാക്കിയിട്ടും പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാൽ മാത്രമേ പി.എസ്.സി. മുഖേന ഇത്തരത്തിൽ വകുപ്പുതല പരീക്ഷ നടത്താൻ സാധിക്കുകയുള്ളൂവെന്നും, ആയതിനാൽ 26/10/2024 നു മുൻപ് പി.എസ്.സി. മുഖേന പരീക്ഷ നടത്തി പരീക്ഷ ഫലം പ്രസിദ്ധീകരിക്കുവാനോ ടി പരീക്ഷാവിജയത്തെ അടിസ്ഥാനമാക്കി പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനോ പ്രായോഗിക തടസ്സമുണ്ടെന്നും ആകയാൽ ഈ യോഗ്യത ഒഴിവാക്കണമെന്നും അഭ്യർഥിച്ചുകൊണ്ട് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇ-ഓഫീസിൽ അധിഷ്ഠിതമായ ഓഫീസ് നടപടിക്രമങ്ങളാണ് സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കി വരുന്നത്. കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനും വിവരങ്ങൾ അതിലേക്ക് എൻട്രി വരുത്തുന്നതിനുമുള്ള പ്രാഥമികമായ ജ്ഞാനം എല്ലാ ജീവനക്കാർക്കും ഉണ്ടായിരിക്കേണ്ടത് അനിവാര്യവുമാണ്. കമ്പ്യൂട്ടറിലേക്ക് വിവരങ്ങൾ ടൈപ്പ് ചെയ്ത് നൽകുന്നതിന് ഇന്നത്തെ കാലത്ത് പലതരത്തിലുള്ള ഉപാധികൾ ഉണ്ടായിരിക്കേ കെ.ജി.ടി.ഇ, ടൈപ്പ്റൈറ്റിംഗ് പോലുള്ള യോഗ്യതകൾ അധികമായി നിഷ്ക്കർഷിക്കുന്നത് ഒരു പുതിയ ഇ-ഗവേണൻസ് കാലത്തിന് അനുയോജ്യമാണെന്ന് സർക്കാർ കരുതുന്നില്ല.

പുതുതായി സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാരിൽ ഭൂരിഭാഗവും ദൈനംദിന ജീവിതത്തിൽ പലഘട്ടങ്ങളിലും കമ്പ്യൂട്ടറുമായി ഇടപഴകി വരുന്നവരും അതിന്റെ വിവിധങ്ങളായ വശങ്ങൾ പ്രയോഗത്തിൽ വരുത്താൻ കഴിവുള്ളവരുമായിരിക്കും. അവരെ ഇ-ഓഫീസിലധിഷ്ഠിതമായ ഓഫീസ് സംവിധാനം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുകയായിരിക്കും കൂടുതൽ ഉചിതമെന്ന് സർക്കാർ കരുതുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ, പരാമർശ സർക്കാർ ഉത്തരവുകൾ പ്രകാരം അസിസ്റ്റന്റ്/ ക്ലർക്ക്/മറ്റ് സമാന തസ്തികകളിലെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് അധിക വകുപ്പുതല പരീക്ഷാ യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ്/ തത്തുല്യ യോഗ്യത വേണമെന്ന വ്യവസ്ഥ ഒഴിവാക്കി കൊണ്ടും, പകരം 26/10/2022 നോ അതിന് ശേഷമോ അസിസ്റ്റന്റ്, ക്ലർക്ക് മറ്റ് സമാന തസ്തികകളിലെ നിയമനത്തിനായി ശിപാർശ ചെയ്യപ്പെട്ട് ടി തസ്തികകളിൽ നിയമനം ലഭിച്ച ജീവനക്കാർ മിനിറ്റിൽ മലയാളത്തിൽ ഏറ്റവും കുറഞ്ഞത് 15 വാക്കും ഇംഗ്ലീഷിൽ ഏറ്റവും കുറഞ്ഞത് 20 വാക്കും ടൈപ്പ് ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ പരിജ്ഞാനം ആർജ്ജിച്ചിട്ടുണ്ടെന്ന് പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുൻപ് ഓഫീസ് മേലധികാരി ഉറപ്പാക്കേണ്ടതാണെന്ന വ്യവസ്ഥ ബാധകമാക്കി കൊണ്ടും ഉത്തരവാകുന്നു.

ഐ.എം.ജി./മറ്റു വകുപ്പ് പരിശീലന സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന 'Induction Training'/ ഇതിനായുള്ള മറ്റു പരിശീലന പരിപാടികൾ എന്നിവയുടെ ഭാഗമായുള്ള ഹ്രസ്വകാല കോഴ്സിലൂടെ ജീവനക്കാരൻ മേൽപ്പറഞ്ഞ കഴിവ് ആർജിച്ചിട്ടുണ്ട് എന്ന ഓഫീസ് മേലധികാരിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മേൽ തസ്തികകളിൽപ്പെട്ട ജീവനക്കാർ മറ്റു തരത്തിൽ യോഗ്യരാണെങ്കിൽ അവരുടെ പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ. മാധവൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

എല്ലാ വകുപ്പു മേധാവികൾക്കും/ നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/ സെക്ഷനുകൾക്കും/ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും.

ഗവർണറുടെ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (ആമുഖ കത്ത് സഹിതം).

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.

വിവര പൊതുജന സമ്പർക്ക (**Web & New Media**) വകുപ്പ് [പ്രചാരണത്തിന്].

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Dileep. D

സെക്ഷൻ ഓഫീസർ